# Agrarian Policy of Islam.

*T. Abdulla, M. A., LL. B.*

ISLAM is not only concerned with the metaphysical but also with the materialistic aspects of man. It has an economic policy of its own which comprehends all the good qualities of socialistic as well as capitalistic systems of economy. Agronomy is but one branch of economics and as such, like any other sytem of economy Islamic system also has a distinct agrarian economy.

Islam declares:— "Lo! the earth is Allah's" (Q. 7 : 128) and "He it is who created for you all that is in the earth" (Q. 2 : 29) These two Quranic verses prove that the ownership of land belongs to none except God. No sooner did Mohammed, the Prophet establish an Islamic kingdom than he announced: "All waste lands belong to God and his Prophet and any person who intends to cultivate land could possess it from me". Words of the Prophet are considered to be explanations of the verses in Quran and in this context they mean that lands belong to God and the existing government and any body who cultivates the same could acquire a permanent right to it. This shows that Islam does not allow any intermediary like our Janmi between the government and the cultivator. The cultivator becomes the absolute owner of the land he cultivates. He loses his ownership only if he fails to cultivate the same for three consecutive years.

Islam prevents an indiscriminate distribution of land. It requires land to be distributed only to those who would cultivate it properly. If any body leaves his lands uncultivated for three successive years, he forfeits his right to the lands and they shall automatically vest with the government (Kithabul Kharaj—77).

When Prophet entered into an agreement with Ukaidir who was the chief of Doomathul Janathal, a place near Damascus, he compelled the chief to distribute the vast tracts of uncultivated lands he possessed to the land-less population of the place (Kithabul Amval—195).

Aboobaker, the first Caliph of Islam was a strong administrator, though he was mild in behaviour. He said thus: "The weak among you shall be strong in my eyes till I have vindicated his just rights and the strong among you shall be weak in my eyes till I have made him fulfill the obligations due from him".

Again during the regime of Umar, the Great, he confiscated all the lands that were lying uncultivated. For instance, when Umar knew that Bilal was not cultivating a portion of the land donated to him by the Prophet, he gave orders to Bilal to pass it over to the government. Bilal refused to do so on the plea that those lands were donated to him by the Prophet. But Umar took it by force and distributed it among the landless. (Kithabul Kharaj—294). Soon after this incident Umar declared thus: "If anybody gives life to the dead earth (cultivates) he acquires thereby a right to it"—(Kithabul Amval—290).

Another point which Islam stressed in the case of distribution of land was that the best lands should not concentrate in the hands of a few. Care was taken to see that even the generations yet to be born should have a right to the lands. Thus when the Muslims captured Iraq in a battle against the Persians, Umar on consultation with others decided to allow the fertile lands there to vest with the government because, if they were distributed to them, the future generation would be bereft of their benefits (Kithabul Amval—61).

There are innumerable such examples to be cited to show the just and equitable distribution of lands in Islam but pressure on space prevents me to do so.

In the case of properties which are of a public nature, Islam lays down that they could not be possessed by any private individual. They are considered to be public properties. The Prophet once declared: "None except Allah and his Prophet could claim ownership to pastures". The same rule applies to oceans, rivers etc.

Lastly, Islam does not allow lands to be leased out. When the Prophet established Islamic government at Madina, he abolished the system of leasing out properties. He said: "If any body has land, let him cultivate it, if not, let him donate it to his brethren" (Bokhari). But if any one becomes in-capable of proceeding with the cultivation of land after effecting certain improvements on it, Islam does not prevent him from sharing a portion of the yield, on being leased out to another. What Islam insists in this case is that the share he enjoys must be proportionate to the expenses incurred by him.

★

---

*(English version of an extract taken from "The Distribution of wealth in Islam' (Malayalam) by C. N. Ahmed Moulavi.)*

# ഐക്യരാഷ്ട്രസഭയും ലോകസമാധാനവും

വി. കെ. അബു, സീനിയർ ബി. എ.

"അതിദാരുണവും, ആപൽക്കരവുമായ ഒരു ശസ്ത്രക്രിയയ്ക്ക് വിധേയനായ ഒരു രോഗിയായിരുന്നു ഒന്നാം ലോകമഹായുദ്ധത്തിനു ശേഷമുള്ള ലോകം. ജീവിതം തുടർന്നുപോകുവാൻതന്നെ കഴിയുമോ എന്ന് ആ രോഗി ഭയപ്പെട്ടു. അത്രയ്ക്ക് മാത്രം പരുക്കും, ആഘാതവും ഏറ്റിട്ടുണ്ടായിരുന്നു അവന്." ഒന്നാംലോകമഹായുദ്ധം ചമച്ചുരുപ്പിയ ലോകത്തിന്റെ ശോചനീയമായ ചിത്രത്തെ ഇങ്ങനെയാണ് തന്റെ 'ലോകചരിത്ര'ത്തിൽ എച്ച്. ജി. വെൽസ് വരച്ച് കാണിച്ചിരിക്കുന്നത്. രണ്ടാം ആഗോളയുദ്ധത്തിനു ശേഷമുള്ള ലോകത്തിന്റെ നില ഒരു പക്ഷെ ഇതിലും എത്രയോ മടങ്ങ് ദയനീയമാണ്. ശരീരമാകെ കഠിനവ്രണങ്ങളും, മുറിവുകളും ബാധിച്ച്, അസഹ്യവേദനയോടെ ഞരങ്ങുകയും, പിടയുകയും ചെയ്യുന്ന ഒരു ഭയങ്കരരോഗിയാണ് ഇന്നത്തെ ലോകം. ശാസ്ത്രത്തിന്റെ മികച്ച കഴിവുകൾ ഉപയോഗപ്പെടുത്തി, വേദന വിഴുങ്ങികഴിയുന്ന ഈ രോഗിയ്ക്ക് നവജീവനും, ചൈതന്യവും തിരിച്ചേകുവാൻ കിണഞ്ഞു പരിശ്രമിക്കുന്ന ഒരു ആധുനിക ഭിഷഗ്വരനാണ് ഐക്യരാഷ്ട്രസഭ.

ലോകചരിത്രത്തിന്റെ താളുകൾ മറിച്ചു നോക്കുകയാണെങ്കിൽ ഒരു ഭാഗത്ത് അസമാധാനവും, കുഴപ്പവും സൃഷ്ടിക്കുന്ന ശക്തികൾ വളർന്ന് വന്നിരുന്നുവെങ്കിൽ, അതോടൊപ്പംതന്നെ മറുഭാഗത്ത് സമാധാനവും, ശാന്തിയും സ്ഥാപിക്കാൻവേണ്ടിയുള്ള മനുഷ്യന്റെ അഭിലാഷവും രൂപം പ്രാപിച്ചിരുന്നുവെന്ന് കാണുവാൻ കഴിയും. ലോകത്തിൽ വിവിധഘട്ടങ്ങളിലായി വന്ന എല്ലാ പ്രവാചകന്മാരുടേയും, പരിഷ്കർത്താക്കളുടേയും ലക്ഷ്യം സമാധാനം സ്ഥാപിക്കുക എന്നതായിരുന്നു. ഒന്നാംലോകമഹായുദ്ധാനന്തരം സ്ഥാപിതമായ ലീഗ് ഓഫ് നേഷൻസിനു മുമ്പുതന്നെ സമാധാനസ്ഥാപനാർത്ഥം 222 ലധികം സംഘടിതപരിശ്രമങ്ങൾ നടന്നിട്ടുണ്ടെന്നാണ് കാണുന്നത്. രണ്ടാംലോകമഹായുദ്ധത്തിന്റെ ഭീകരകെടുതികൾ സമാധാനത്തിനുവേണ്ടിയുള്ള മനുഷ്യാഭിലാഷത്തിനു വീണ്ടും രൂപം നൽകി. അതാണ് യു. എൻ. ഒ.

'ശാശ്വതമായ ശാന്തിയും, ഭദ്രതയും ലോകത്ത് സ്ഥാപിക്കുകയും, സ്വാതന്ത്ര്യത്തോടും സൗഹാർദ്ദത്തോടുംകൂടി മനുഷ്യനു വളരുവാനും, വികസിക്കുവാനുമുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും, ഭാഷ, മതം, ജാതി, ദേശം ഇവയുടെ വ്യത്യാസത്തെ വകവെക്കാതെ സകല മനുഷ്യരുടേയും അവകാശത്തേയും, ആത്മാഭിമാനത്തേയും സംരക്ഷിക്കുകയും ചെയ്യുക' എന്നതാണ് യൂനോവിന്റെ ലക്ഷ്യം.

ഈ ലക്ഷ്യപ്രാപ്തിയ്ക്കുവേണ്ടി യൂനോ എന്ത് പ്രവർത്തിച്ചു? വിവിധരാഷ്ട്രങ്ങൾ തമ്മിലുണ്ടാകുന്ന സംഘർഷനിലയെ കുറയ്ക്കുവാനും, ലോകസമാധാനത്തെ ഭീഷണിപ്പെടുത്തികൊണ്ടിരുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കാണുവാനും ഐക്യരാഷ്ട്രസഭ യത്നിച്ചിട്ടുണ്ട്. 1946 ൽ ഇറാനിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെട്ട റഷ്യൻ സേനയെ പിൻവലിപ്പിച്ചത്, ലബനാനിലും, സിറിയായിലും തുടർന്ന് പോന്നിരുന്ന, ബ്രിട്ടീഷ്-ഫ്രഞ്ച് സേനകളെ മടക്കിവിളിപ്പിച്ചത്, അൽബേനിയ, യൂഗോസ്ലാവ്യ, ബൾഗേറിയ എന്നി രാഷ്ട്രങ്ങളുടെ പിന്തുണയോടെ ഗ്രീസ്സിൽ നടന്ന ഗറില്ലായുദ്ധത്തെ നിയന്ത്രിച്ചത്, പാകിസ്ഥാന്റെ ജമ്മു-കാശ്മീർ കയ്യേറ്റത്തെ തുടർന്നുണ്ടായ ഇന്ത്യാ-പാക്ക് സംഘർഷത്തെ ഒരു സൈനികസന്ധിയിൽ താൽക്കാലികമായെങ്കിലും കലാശിപ്പിച്ചത്, റഷ്യയെ

കൊണ്ട് 1948 മേയ് 12-ാം തിയ്യതി 'ബർലിൻ-ബ്ളോക്കേഡ്' പിൻവലിപ്പിച്ച്, റഷ്യയുടേയും, പാശ്ചാത്യശക്തികളുടേയും ഒരു യുദ്ധരംഗമായിത്തീരുന്നതിൽനിന്നും ജർമ്മനിയെ സംരക്ഷിച്ചത്, ബർമ്മയിലെ അഭ്യന്തരസമാധാനത്തിന്നു ഭീഷണിയായിരുന്ന ക്വാമിന്താങ്ങ് സേനകളെ അവിവിടെനിന്നും പിൻവലിപ്പിച്ചത്— ഇവയെല്ലാം ഐക്യരാഷ്ട്രസഭയുടെ ഗണ്യമായ ചില നേട്ടങ്ങളാണ്.

ഫലസ്റ്റീനിൽ നീറിപ്പുകഞ്ഞുകൊണ്ടിരുന്ന അറബി-യഹൂദ യുദ്ധത്തെ സമാധാനിപ്പിക്കുവാനും, അവിടെ ഒരു ഇസ്രായീൽ സ്റ്റെയിററ് സ്ഥാപിച്ച് അതിന്നു 1949 മേയ് 11-ാം തിയ്യതി യൂനോ അംഗത്വം നൽകുവാനും, ഇസ്രായീലും, ജോർഡാൻ, ലബനാൻ, സിറിയ, ഈജിപ്ത് തുടങ്ങിയ അറബി രാഷ്ട്രങ്ങളും തമ്മിലുണ്ടായിരുന്ന പല തക്കങ്ങൾക്കും താൽക്കാലിക പരിഹാരമെങ്കിലും നിർദ്ദേശിക്കുവാനും യൂനോവിന്നു കഴിഞ്ഞിട്ടുണ്ട്. ഡച്ച് മേധാവിത്വവും, ഇൻറൊനീഷ്യൻ ജനതയും തമ്മിൽ നടന്ന യുദ്ധം സമാധാനപൂർവ്വം പരിഹരിച്ച്, ഇൻറൊനീഷ്യയെ സ്വതന്ത്രമാക്കാൻ സഹായിച്ചതും, അതിന്നു 1950 സെപ്റ്റമ്പ്ര് 28-ാം തിയ്യതി അംഗത്വം നൽകിയതും യൂനോവിൻെറ മറെറാരു നേട്ടമാണ്, കൊറിയൻ യുദ്ധത്തെ ഒരു മൂന്നാംലോകമഹായുദ്ധമായിത്തീരാതെ അവസാനിപ്പിച്ചതു ലോകസമാധാനത്തിന്നു യൂനോ നൽകിയ ഒരു പ്രധാന സംഭാവനയാണ്. "കൊറിയയിൽ നടന്ന ആക്രമണത്തെ അവസാനിപ്പിക്കുക നിമിത്തം, മററു സ്ഥലങ്ങളിലും വിജയപൂർവ്വം നടന്നേക്കുമായിരുന്ന ആക്രമണങ്ങളെ ഇല്ലാതാക്കുകയാണ് യൂനോ ചെയ്തിട്ടുള്ളത്" എന്ന, ജനറൽ അസംബ്ളി പ്രസിഡണ്ടായിരുന്ന ലെസ്റ്റർ ബി. പിയേഴ്സൻെറ (കനഡ) അഭിപ്രായം ശ്രദ്ധാർഹമാണ്.

ലോകത്തിലെ അവികസിതരാഷ്ട്രങ്ങൾക്കു സാങ്കേതികവും, സാമ്പത്തികവുമായ സഹായങ്ങൾ നൽകി ലോകജനതയുടെ ജീവിതനിലവാരം ഉയർത്തി, അങ്ങനെ സമ്പന്നവും, സമൃദ്ധവും, സമാധാനസമ്പൂർണ്ണവുമായ ഒരു നവീനലോകത്തെക്കുറിച്ചുള്ള നമ്മുടെ സ്വപ്നം സാക്ഷാൽക്കരിക്കുവാൻ യൂനോവിൻെറ വിവിധ ഘടകങ്ങളായ ലോകാരോഗ്യസംഘടന, ലോകതൊഴിൽ സംഘടന, ഐക്യരാഷ്ട്രവിദ്യാഭ്യാസ-ശാസ്ത്രീയ-സാംസ്കാരികസംഘടന (UNESCO), ഭക്ഷ്യ-കാർഷിക സംഘടന തുടങ്ങിയവ ചെയ്തതും, ചെയ്യുന്നതുമായ സേവനം നിസ്സീമമാണ്.

1948 ഡിസമ്പർ 10 ന് ജനറൽ അസംബ്ളി അംഗീകരിച്ച 'മനുഷ്യാവകാശപ്രഖ്യാപനം' അന്തഃരാഷ്ട്ര അവകാശങ്ങളേയും, സ്വാതന്ത്ര്യങ്ങളേയും സംബന്ധിച്ച് ചില ഉറപ്പുകൾ നൽകുന്നുണ്ട്. വിവിധ രാഷ്ട്രങ്ങളിലെ നിയമനിർമ്മാണത്തിൽ ഇതു സ്വാധീനം ചെലുത്തിയിട്ടുമുണ്ട്.

പല മികച്ച നേട്ടങ്ങളും യൂനോവിന്നു ഉണ്ടായിട്ടുണ്ടെങ്കിലും ശാശ്വതസമാധാനം സ്ഥാപിക്കുകയെന്ന അതിൻെറ ഉൽകൃഷ്ട ഉദ്ദേശ്യം ഇന്നും ഒരു ദിവാസ്വപ്നം മാത്രമായി അവശേഷിച്ചിരിക്കയാണ്. തെക്കുകിഴക്കൻ ഏഷ്യയിൽ സാമ്രാജ്യത്വശക്തികൾ നടത്തുന്ന പൗരസ്വാതന്ത്ര്യധ്വംസനങ്ങൾ, അവിടുത്തെ കമ്യൂണിസ്റ്റ് ഭീഷണി, ഫോർമോസയിൽ പുകഞ്ഞുകൊണ്ടിരിക്കുന്ന കമ്യൂണിസ്റ്റ്-നാഷനാലിസ്റ്റ് തക്കം, മദ്ധ്യപൂർവ്വദേശത്തെ ജനങ്ങളുടെ മേൽ ആധിപത്യം വെച്ചുകെട്ടാനുള്ള സാമ്രാജ്യത്വശക്തികളുടെ പരക്കംപാച്ചിൽ, മൊറോക്കൊ, ടുനീഷ്യ, കെനിയ, ബ്രിട്ടീഷ് ഗയാന തുടങ്ങിയ ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ ഫ്രാൻസും ബ്രിട്ടനും നടത്തുന്ന അക്രമപരമായ ആധിപത്യം, തെക്കേ ആഫ്രിക്കയിലെ വെള്ളക്കാരൻെറ മനുഷ്യത്വമില്ലാത്ത വർഗ്ഗീയനയം-ഇവയെല്ലാം ആധുനികലോകത്തിന്നു തലവേദനയുണ്ടാക്കുന്ന ചില പ്രശ്നങ്ങളാണ്. നൂററാണ്ടുകളിലൂടെ, തലമുറ തലമുറകളിലൂടെ മനുഷ്യൻ പടുത്തുയർത്തിയ സംസ്കാരത്തേയും, നാഗരികതയേയും ഞൊടിയിടയിൽ ചാമ്പലാക്കാൻ കെൽപ്പുള്ള ആററം-ഹൈഡ്രജൻ ബോമ്പുകളും, ശാസ്ത്രത്തിൻെറ മൂശയിൽ രൂപം

പ്രാപിച്ചുവരുന്ന കൂടുതൽ മാരകമായ കോബാൾട്ട് ബോമ്പും മനുഷ്യജീവിതത്തെത്തന്നെ ഈ ഭൂമുഖത്തിൽനിന്നു നിശ്ശേഷം തുടച്ചുനീക്കുമോ എന്ന ആശങ്കയാണുളവാക്കുന്നത്. ഭീകരമായ മറെറാരു ആഗോളയുദ്ധത്തിൻെറ കാർമേഘങ്ങൾ ലോകചക്രവാളത്തിൽ അടിഞ്ഞുകൂടിയിരിക്കയാണ്. അങ്ങനെ ഭീഷണിയിലും, ഭീതിയിലും വീർപ്പുമുട്ടിക്കഴിയുന്ന മനുഷ്യരാശിയുടെ, ഏക ആശാകേന്ദ്രമാണ് യൂനോ.

യൂനോവിൻെറ മുമ്പിലുള്ള ലക്ഷ്യം സാക്ഷാൽക്കരിക്കപ്പെടേണമെങ്കിൽ എന്ത് നയമാണ് അതു കൈക്കൊള്ളേണ്ടത്? ഒന്നാമതായി സെക്യൂരിററി കൌൺസിൽ പഞ്ചമഹാശക്തികളെ സ്ഥിരം അംഗങ്ങളായി നിർത്തുകയും, അവയ്ക്ക് 'വീറേറാ' അധികാരം അനുവദിക്കുകയും മൂലം ചെയ്ത വമ്പിച്ച തെററ് അതു തിരുത്തണം. ചൈന, സിലോൺ, നേപ്പാൾ തുടങ്ങിയ ലോകത്തിലെ ഗണ്യമായ ഒരു ജനവിഭാഗത്തിനു യൂനോവിൽ പ്രാതിനിധ്യം അനുവദിച്ചിട്ടില്ല എന്നുള്ളതും അടിയന്തിരമായി പരിഹരിക്കേണ്ട മറെറാരു ന്യൂനതയാണ്. മാരകായുധങ്ങളുടെ നിർമ്മാണത്തെ കണിശമായി നിയന്ത്രിക്കയും, പരിപൂർണ്ണമായും നിരായുധീകരണം നടപ്പിലാക്കുകയും ചെയ്യുവാൻ യൂനോ നടപടി എടുക്കേണ്ടതാണ്. എങ്കിൽ മാത്രമേ, സാമ്രാജ്യത്വശക്തികളുടെ കളിപ്പാട്ടമായി യൂനോ തരം താഴാതിരിക്കുകയുള്ളു.

എന്തെല്ലാം പോരായ്മകളും, പാകപ്പിഴവുകളും ഉണ്ടെങ്കിൽകൂടിയും രണ്ടു ശത്രുരാജ്യങ്ങൾ തമ്മിലുള്ള തർക്കവിഷയങ്ങളെ പറഞ്ഞു തീർക്കാൻ യൂനോ ഒരു പൊതുപ്ലാററ്ഫോം നൽകുന്നുണ്ടെന്നുള്ള ഒരൊററ കാരണം മതി യൂനോവിൻെറ നിലനിൽപ്പിനെത്തന്നെ സാധൂകരിക്കാൻ. പല സന്ദർഭങ്ങളിലും അടിപിഴക്കുകയും, പരാജയപ്പെടുകയും ചെയ്തതായി എടുത്തു കാണിക്കാമെങ്കിലും, ലോകത്തിലെ ജനകോടികളുടെ ഹൃദയങ്ങളിൽ ഒരു സാർവ്വലൌകിക മനോഭാവം ഉളവാക്കുന്ന കാര്യത്തിലെങ്കിലും യൂനോവിന്നു അഭിമാനകരമായ വിജയമാണുണ്ടായിട്ടുള്ളത്. അങ്ങനെ എച്ച്. ജി. വെൽസ് വിഭാവനംചെയ്ത 'സമത്വസുന്ദരവും, സമ്പന്നവുമായ ഒരു ഏകലോകഗവമ്മേണ്ടി'ലേക്കുള്ള ആദ്യത്തെ ചവിട്ടുപടിയായി യൂനോവിനെ ഗണിക്കാം.

സമാധാനത്തിനുവേണ്ടിയുള്ള ശ്രമം നടന്നുകൊണ്ടിരിക്കെത്തന്നെ ലോകത്തിലെ വൻശക്തികളുടെ ആയുധശാലകളിൽനിന്നു ഭീകരങ്ങളായ മാരകായുധങ്ങളുടെ ഇടിമുഴക്കം കേൾക്കുക എന്നതു് ഏററവും വേദനാജനകമാണ്. ഐൻസ്റ്റിൻ പ്രസ്താവിച്ചതുപോലെ 'ഒരേ സമയംതന്നെ സമാധാനത്തിനും, യുദ്ധത്തിന്നുംവേണ്ടി ഒരുക്കം കൂട്ടുക എന്നതു് ഒരിക്കലും സാദ്ധ്യമല്ല.'

വിശ്വാസത്തിലൂടെയും, സ്നേഹത്തിലൂടെയുമല്ലാതെ ഭീഷണിയും, യുദ്ധവുംകൊണ്ടു് സമാധാനം സ്ഥാപിക്കാം എന്നുള്ളതു് വ്യാമോഹം മാത്രമാണ്. 'വിശ്വാസവും, സ്നേഹവും വളർത്തുക; സംശയവും ഭീതിയും അകററുക; ജീവിക്കുക, ജീവിക്കാൻ അനുവദിക്കുക'—ഇതാണ് ലോകത്തിന്നു ഏഷ്യ നൽകുന്ന സന്ദേശം. ഈ സന്ദേശം ചെവിക്കൊള്ളുവാൻ ലോകം തയ്യാറാണെങ്കിൽ, ഇന്നു ലോകം നശീകരണായുധങ്ങൾ നിർമ്മിക്കാൻവേണ്ടി ദുർവ്യയം ചെയ്തുകൊണ്ടിരിക്കുന്ന 75% വരുന്ന മനുഷ്യപ്രയത്നത്തെ സൃഷ്ടിപരമായ സരണികളിലൂടെ തിരിച്ചുവിടുവാൻ കഴിയുന്നതാണ്. അങ്ങനെ ശാന്തിയും, സമൃദ്ധിയും നിറഞ്ഞ ഒരു ലോകത്തെ കെട്ടിപ്പടുക്കാൻ യൂനോ പര്യാപ്തമാകുമെന്നുതന്നെ നമുക്കാശിക്കുക.

# English in New India.

*M. A. Imbichy, Senior Intermediate.*

"IF the English medium of instruction can produce men like Sir C. V. Raman and Dr. S. Radhakrishnan, why shall not it be good enough for the present generation also?" M. K. Vellodi.

That English has taken the first rank as the language of international communication is a fact. No other language possesses so large a number of books in the fields of science, literature etc. In the fields of human thought, English has made so great a contribution that other languages cannot surpass it. Noted scholars in the world spent their time and energy for the development of English with the result that English has come to occupy a supreme place both in respect of volume and strength.

We must be thankful to the English for they caused to strengthen our political consciousness through the medium of their language. The doors of Inia were thrown open to the influence of world forces and thoughts through English which was forced on her. Though it led to certain unhealthy consequences they were nothing when compared to the advantages that the language has bestowed on us. After India got freedom, unfortunately, the high rank given to English has been abolished. But still it has to play a very important part, till our lingua franca is developed to such an extent as to take the place of English for higher studies. As such it is an unwise act to neglect it. Total abolition of English will seriously tell upon our culture and contact with outsiders. English gave us the power to look around the world. It helped us to develop a common culture for our peoples, speaking various languages, and enabled us to weld ourselves into a nation. It also helped to rouse political consciousness throughout India and to spread her culture.

How did India make use of the opportunity to raise her position and dignity through English? Swami Vivekananda, the patriot-saint of modern India, was able to rouse the whole world by his clarion call through the medium of English. Gandhiji, Tagore and others have been able to follow the same course in their own ways. But for the medium they

adopted their noble ideas would not have captured the ear of the present world. Living as we are in the modern scientific era which has linked the whole world as one family, the supreme position of such a world language as English cannot be ignored at all. Jawaharlal Nehru could earn the reputation of being a world statesman because he wielded English with ease and precision.

In this connection, Gandhiji's answer to a querist deserves mention. "I do not desire the total abolition of English but if you will think in terms of the millions of each province, you will find that for them English can never be the medium of instruction. Hindi should be the language of inter-communication between provinces and "English should be the language of inter-communication between India and the World". This illustrates very well how necessary that language is for India at present.

Recently, a tendency is clearly seen to lower the importance of English and to do away with it. Such a view will not be worth holding since it is tantamount to bringing ruin to our interests and inviting disastrous consequences for ourselves.

If the study of English is killed in our country with an utmost indecent haste, the work of a century, perhaps on the whole good rather than bad, will be undone in a few years and this will seriously affect the quality of education.

# Iqbal's Conception of God.

*Syed Mohideen Shah, M. A., L. T.*

SIR Muhammad Iqbal, a master-mind interpreted Islam to the modern world. The central idea of Islam is the belief in God and Prophet Muhammad made this clear to mankind through the Quran. "The Holy Quran claims to be the greatest spiritual force which is ultimately destined to bring the whole of humanity to perfection". In the words of the Quran Allah is "the Nourisher of the Worlds to perfection". Iqbal's conception of God is briefly described below: It had three stages.

During the first period (1901 to 1908) Iqbal spoke of God as Eternal beauty who brings into existence all movements of things—Force in physical objects, growth in plants, instincts in beasts and will in man, are mere forms of this attraction, this love for God. Eternal Beauty is, therefore, the source, the essence and the ideal of everything. God is universal and all-inclusive like an Ocean and the individual is like a drop. Again, God is like the Sun, and the individual is like a candle and the candle ceases to burn in the presence of the Sun. Like a bubble or a spark, life is transitory-nay, the whole of existence is transitory. This platonic conception, as interpreted by Plotinus, adopted by the early Muslim Scholastics and adapted to pantheism by the pantheistic mystics, came down to Iqbal as a long tradition in Persian and Urdu poetry and was supplemented by his study of the English Romantic poets.

During the second period (1908 to 1920) God is ultimate Reality, is the Absolute self, the Supreme Ego. He is no longer to be conceived as Eternal Beauty-as block Reality. God is now regarded as Eternal will and beauty is reduced to the position of an attribute of His, an attribute which covers now both the aesthetic value and the moral value. Instead of God's beauty, His unity is now emphasised. Belief in unity is shown to have high pragmatic value, for it gives unity of purpose and strength to individuals, nations, and mankind as a whole, enhances power, creates ever-increasing desires, hopes and aspirations, and removes all cowardice and all fear of the other-than-God. Rumi is adopted by Iqbal as a spiritual leader not only because he is an akin spirit, speaking the same tongue and sharing with him a mystic philosophy, a poetic genius, an intense religious temper, a firm belief in God and a deep love of the Arabian Prophet.

The third period (1920—1938) is one of maturity as the second period was one of growth. God is "Reality as a whole" and Reality as a whole is essentially spiritual—spiritual in the sense of being an individual and an ego. He is to be regarded as an ego, because, like the human self, He is "an organising principle of unity, a synthesis which holds together and focalises the dispensing disposition of His living organism for a constructive purpose". He is an ego because He responds to our reflection and our prayer: for "the real test of a self is whether it responds to the call of another self." Strictly speaking, He is not an ego, but the Absolute Ego. He is Absolute because He is all—inclusive and there is nothing outside Him.

Iqbal had a mystic strain in his soul and his mysticism lay in saying "yes" to life. He preached not the negation of desire but the intensification, glorification and divination of desire. Instead of urging people to seek God he urges them to seek their own true selves because, as he has put it, "God too is searching for man".

★

Great workers and great thinkers are the true makers of history, which is but continuous humanity influenced by men of character—by great leaders, kings, priests, philosophers, statesmen, and patriots—the true aristocracy of man. Indeed Mr. Carlyle has broadly stated that universal history is, at bottom, but the history of great men. They certainly mark and designate the epochs of national life. Their influence is active as well as reactive. Though their mind is, in a measure, the product of their age, the public mind is also, to a great extent, their creation. Their individual action identifies the cause—the institution. They think great thoughts, cast them abroad, and the thoughts make events. Thus the early Reformers initiated the Reformation, and with it the liberation of modern thought. Emerson has said that every institution is to be regarded as but the lengthened shadow of some great man—as Islamism of Mahomet, Puritanism of Calvin, Jesuitism of Loyola, Quakerism of Fox, Methodism of Wesley, Abolitionism of Clarkson.

*Samuel Smiles.*

# കഥയെപ്പററി ചില ചിന്തകൾ

**ഇ. വാസു, Class II.**

കഥ പറയാനെന്നപോലെ കേൾക്കാനുമുള്ള ദാഹം മനുഷ്യനോടൊപ്പം ജനിച്ചിട്ടുണ്ട്. തീനും കുടിയുംകൊണ്ട് ഹൃദയത്തിൻെറ വിശപ്പു മാറാതിരുന്നപ്പോൾ മനുഷ്യൻെറ ആത്മാവിഷ്കരണത്വര കണ്ടെത്തിയ ഒരുപാധിയാണ് കഥപറച്ചിൽ. മതപ്രചാരകരും സദാചാരനിരതരുമെല്ലാം പിന്നീട് തങ്ങളുടെ തത്വങ്ങൾ പ്രചരിപ്പിക്കാനുള്ള ശക്തവും അർത്ഥവത്തുമായ ഒരുപകരണമാക്കി കഥാകഥനത്തെ. സത്യം യഥാർത്ഥമായാവിഷ്കരിക്കുകയായിരുന്നില്ല, ഭാവനയുടെ മൂശയിൽ ആകർഷകത്വമേകി മനുഷ്യപുരോഗതിയെ ത്വരിതപ്പെടുത്തുകയായിരുന്നു ആദ്യകാലത്തു കഥാകാരന്മാർ തങ്ങളുടെ സൃഷ്ടികൾ മുഖേന ചെയ്തത്.

ആധുനിക ചെറുകഥ വിവിധഘട്ടങ്ങളിലൂടെ പരിണാമം പൂണ്ടുവന്നതാണ്. ജെഫ്രി ചോസർ പദ്യത്തിൽ കഥകളെഴുതി. എഡിസൺ, സ്റ്റീൽ തുടങ്ങിയവരെഴുതിയ ലേഖനങ്ങൾ "ചെറുകഥ"യെന്ന പേരിലറിയപ്പെട്ടിരുന്നില്ലെങ്കിലും അന്നത്തെ വികാരസുന്ദരങ്ങളായ ചെറുകഥകളായിരുന്നു. പില്ക്കാലത്തു ലാമ്പും ഗോൾഡ്സ്മിത്തും മററും ഇതേ മാർഗ്ഗം പിൻതുടർന്നത് ആ കാലത്തെ അനുവാചകലോകത്തിനുണ്ടായ കഥാവായനയിലുള്ള താല്പര്യത്തെ മാനിച്ചുതന്നെയായിരുന്നുവെന്നു ഊഹിതാം. രസിപ്പിക്കുന്നതോടൊപ്പം വായനക്കാർക്ക് അല്പനേരത്തേയ്ക്കെങ്കിലും ചിന്തിക്കാൻ വക നല്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ആനക്കാര്യങ്ങളെ വിഷയമാക്കാതെ ജീവിതത്തിൻെറ അപ്രധാനാംഗങ്ങളിൽ വെളിച്ചം വീശിയിരുന്ന അത്തരം ലേഖനങ്ങളുമായി ഇന്നത്തെ ചെറുകഥകൾക്ക് ഭാവപരമായി തികച്ചും ബന്ധമുണ്ട്. പക്ഷെ സുവ്യക്തമായ രൂപത്തിൽ സുഘടിതാവയവങ്ങളോടെ നിർമ്മിതമായ ചെറുകഥകൾ അമേരിക്കയുടെ സംഭാവനയാണ്. ആ വ്യാവസായികരാജ്യത്തിൽ കാലത്തിൻെറ കാല്പാടുകൾ തികച്ചും പതിഞ്ഞ ചെറുകഥയുടലെടുത്തത് സ്വാഭാവികംതന്നെ. ജീവിതം കൂടുതൽ വ്യഗ്രമായതോടെ കൂററൻ നോവലുകളുടെ ലോകത്തിൽ അലഞ്ഞുതിരിയാൻ മനുഷ്യനു സമയമില്ലാതായി. പുതിയ തലമുറയുടെ നിലനില്പ് അവ്യവസ്ഥവും ബഹളമയവുമായ ഒരരക്ഷിതമായ അന്തരീക്ഷത്തിലാണെന്നു പ്രതിഫലിപ്പിക്കുക കൂടിയാണ് ഈ പുത്തൻ പ്രസ്ഥാനം ചെയ്യുന്നത്.

എന്താണ് ചെറുകഥ എന്നു വെച്ചാൽ? പെട്ടെന്നു വളരുകയും വികസിക്കുകയും ചെയ്ത ഈ ശാഖയിലെ പ്രധാനധാരകളെ പരിശോധിക്കാൻ ശ്രമിക്കാം. വാഷിങ്ടൺ ഇർവ്വിങ്ങിനെപ്പോലെ നിശ്ചിതമായ ഒരു സമയപരിധിയ്ക്കുള്ളിൽ വായിച്ചു തീർക്കാവുന്നതാണ് ചെറുകഥ എന്നു തീരുമാനിക്കേണ്ട ആവശ്യം ഇന്നില്ല. ഒരു നോവലിൻെറ വലുപ്പമുള്ള ചെറുകഥകളുണ്ട്. ചെറുകഥയോളം ചുരുങ്ങിയ നോവലുകളും. പക്ഷെ രണ്ടിനും രൂപസൌകുമാര്യവും ആശയപുഷ്ടിയും ഉണ്ടായിരിക്കണമെന്നു മാത്രം. ഒരു മിനിട്ടുകൊണ്ടു മടക്കിവെക്കാവുന്ന വില്യം സരോയൻെറയും വനഫ്ളുലിൻെറയും കഥകളുമുണ്ടിന്നു. രൂപഘടനയെപ്പററിയുള്ള പഴയ വിശ്വാസങ്ങൾ കാലാഹരണപ്പെട്ടുപോകുന്നു. ചുരുക്കത്തിൽ "സാഹിത്യത്തച്ച"ന്മാരുടെ പിടിയിൽനിന്നും വഴുതിനില്ക്കുന്ന, നാനാമുഖമായ വ്യക്തിത്വം നേടിയിരിക്കുന്ന ഒരു പ്രസ്ഥാനമാണ് ചെറുകഥ. "ആദിയും മദ്ധ്യവും അന്ത്യവും ചേർന്നതായിരിക്കണം നല്ല ചെറുകഥ" എന്ന സോമർസെററ്മോമിൻെറ നിർവ്വചനം അസ്വീകാര്യമെന്നു കഥാപാരമ്യത്തിൽ (നിർവ്വഹണത്തിൽ) മാത്രം ശ്രദ്ധ ചെലുത്തിയെഴുതപ്പെട്ട ചില "നല്ല കഥകൾ" തെളിയിക്കുന്നു. കഥയ്ക്കൊരു പ്ലോട്ടുണ്ടായേ തീരൂ എന്ന വിശ്വാസത്തെ മോപ്പസാങ്ങ് ദുർബ്ബലമാക്കിയിട്ടുണ്ട്. വെറും ഭാവങ്ങളുടെ, അവസ്ഥാവിശേഷങ്ങളുടെ ചിത്രീകരണമാണ് ആ കാഥികസാമ്രാട്ടിൻെറ മിക്ക കഥകളും. പക്ഷെ വികാരങ്ങളെ ഹൃദയഹാരിയായ ഭാഷയിൽ പകർന്നുതരുന്ന

തിൽ—പാത്രചിത്രീകരണത്തിൽ പ്രദർശിപ്പിക്കുന്ന മനഃശാസ്ത്രബോധത്തിൽ—തന്റെ അജയ്യത സ്പഷ്ടമാക്കുകമൂലം ലോകസാഹിത്യമണ്ഡലമാകമാനം മോപ്പസാങ്ങിന്റെ സ്വാധീനവലയത്തിൽ നിന്നു. ചെക്കോവും ഇതേമാർഗ്ഗത്തിൽ ചരിച്ച കാഥികനാണ്. സങ്കേതങ്ങളുടെ ചട്ടക്കൂട്ടിൽനിന്നും അങ്ങിനെ സ്വതന്ത്രമായ ഈ സാഹിത്യശാഖ കലാവാസനയുള്ള ഏവർക്കും കൈകാര്യം ചെയ്യാൻ എളുപ്പമാണോ?

മലയാളത്തിലെ കഥതന്നെയെടുക്കുക. കവികളും ഗദ്യമെഴുത്തുകാരും, ചിത്രകാരന്മാരുമെല്ലാം കഥയെഴുതി നോക്കിയിട്ടുണ്ട്. ജിയും, എം. വി. ദേവനും, മുണ്ടശ്ശേരിയും, അമ്പാടി കാർത്ത്യായനിയമ്മയുമെല്ലാം കഥകൾ പ്രസിദ്ധീകരിച്ചു കണ്ടിട്ടുണ്ട്. പക്ഷെ ചെറുകഥയിൽ വികലതകളുടെ മുഴച്ചുകാണൽ വളരെ ക്ഷണമാണ് നടക്കുന്നതെന്ന് ഇവരുടെയൊക്കെ പരാജയം തെളിയിക്കുന്നു. കവിതയെപ്പോലെ ഈരടികളുടെ താളത്തിൽ ദൌർബ്ബല്യങ്ങൾക്ക മൂടുപടമിടാൻ ഇവിടെ നിവൃത്തിയില്ല. കഥയുടെ ഭാഷ സംസാരഭാഷയല്ല; കൃത്രിമമായാലും ഉചിതമാവുകില്ല. അലങ്കാരങ്ങളുടെ നിരത്തൽകൊണ്ടോ കോമളപദങ്ങളുടെ പന്തടികൊണ്ടോ കഥയുടെ ധ്വനി ശരിപ്പെടുകയില്ല. ജോൺസ്ററവാർട്ടമിൽ പറയുംപോലെ ജീവിതത്തിന്റെ യഥാർത്ഥചിത്രംവരയ്ക്കലാണ് കഥയെഴുത്തിലെ സത്യം. അനുഭവസമ്പന്നത അടക്കം ചിട്ടയും കൈവെടിയാതെ നിരത്തപ്പെടുമ്പോഴേ കഥാകൃത്തിന്നു വികാരസംക്രമണമുണ്ടാക്കാൻ സാദ്ധ്യമാവൂ. എങ്കിലേ കഥ കലയാവൂ. ഹൃദയത്തിന്റെ ഭാഷയിലായിരിക്കണം കാഥികൻ സംസാരിക്കേണ്ടതു്. ആത്മാർത്ഥതയുടെ വികാരത്തുടിപ്പില്ലെങ്കിൽ കഥയുടെ നാഡി ക്ഷയിച്ചുപോകും. വ്യവസ്ഥിതമായ ആകാരസൌഷ്ഠവവും ഏകാഗ്രതയുമാണ് കഥാഗാത്രത്തെ നിലനിർത്തുന്നത്.

ചെറുകഥ നോവലിന്റെ കീശപ്പതിപ്പല്ല. (Pocket edition). സംഭാഷണം ചുരുക്കി മയപ്പെടുത്തിയ നാടകവുമല്ല. നോവലിന്റേതുപോലെ അലസമായ ഭാഷയല്ല, കഥാഗതിയല്ല, ചെറുകഥയുടേതു്. നിരവധി കഥാപാത്രങ്ങളെക്കൊണ്ടും സംഭവപരമ്പരകൾകൊണ്ടും സങ്കീർണ്ണമായ ഒരു ലോകമാണ് നോവലിന്റേതു്. മറിച്ച് ചെറുകഥയ്ക്കു് ഒരു പാത്രമോ ഒരു സംഭവമോ ധാരാളമായി. ഏതെങ്കിലും നടക്കുന്നെന്ന് പറഞ്ഞു ഫലിപ്പിയ്ക്കലാണാവശ്യം. അതു ഭംഗിയായി, ചിന്താർഹമായി വേണംതാനും. സ്റ്റീവൻസൺ, നാഥനിൽ ഹാത്തോൺ തുടങ്ങിയ ആദ്യകാലത്തെ കഥാകാരന്മാർക്ക് എന്തെങ്കിലുമൊരു സദാചാരതത്വം പഠിപ്പിയ്ക്കുകകൂടി വേണ്ടിയിരുന്നു. ഇന്നു കേവലം "സൊററ"കൾക്കൂടി കഥാബീജമായെടുക്കാം. വായനക്കാരെ വല്ലതും പഠിപ്പിച്ചു വിടണമെന്നോ വിജ്ഞാനസമ്പന്നരാക്കണമെന്നോ ഇന്നു നിർബ്ബന്ധമില്ല. കാഥികന്നു സാമൂഹ്യബോധം വേണം. അത്രമാത്രമേ ആവശ്യമുള്ളു. ആദ്യകാലത്തെ ഐഡിയലിസം റിയലിസത്തിനു വഴിമാറിക്കൊടുത്തു എന്നു വ്യക്തമായി നാം കാണുന്നു.

ജീവിതത്തിന്റെ താളപ്പെടുത്തലാണ് ചെറുകഥ എന്നു മുണ്ടശ്ശേരി അഭിപ്രായപ്പെടുന്നു. അനുഭവസമ്പന്നതയോടൊപ്പം ആത്മാർത്ഥതയും ഈ താളപ്പെടുത്തലിൽ ചെലുത്താതെ വയ്യ. സങ്കീർണ്ണങ്ങളായ നിത്യജീവിതപ്രശ്നങ്ങൾക്ക് മനസ്സിലാകത്തക്ക വ്യക്തിത്വമോ ഹൃദയഹാരിത്വമോ ഉണ്ടാവുകയില്ല. പക്ഷെ ചെറുകഥ കെട്ടുപിണഞ്ഞതായിരുന്നാലും സാധാരണ ജീവിതത്തിലെ വിരസ സംഭാഷണമല്ല ചടുലതയുള്ള സംഭാഷണങ്ങളാണ് കഥാപാത്രസൃഷ്ടിയിൽ കഴിവുററ വൈദഗ്ദ്ധ്യമുള്ളവർ ഉപയോഗിക്കുക. അതും അനുപേക്ഷണീയമെന്നു വന്നുകൂടുന്നിടത്ത് മാത്രമേ ചെലുത്താവൂ. വാചാലങ്ങളാവുക എന്നതിനു പുറമേ കഥാസന്ധികളിലേയ്ക്കു നീട്ടപ്പെടുന്ന ചൂണ്ടുപലകകളായി തീരണം അത്തരം സംഭാഷണങ്ങൾ. അപശ്രുതിപറയാൻ ഏററവുമെളുപ്പമുള്ള ഈ "താളപ്പെടുത്തലിൽ" Concentration (ചുരുങ്ങിയ സ്ഥലത്ത് വളരെയധികം കാര്യങ്ങളുൾക്കൊള്ളിക്കുക)

ഇന്നാവശ്യമായിത്തീർന്നിരിക്കുന്നു. "The artist may be known rather by what he omits" എന്നു ഒരു പാശ്ചാത്യചിന്തകൻ പറഞ്ഞിരിക്കുന്നത് ചെറുകഥയെസ്സംബന്ധിച്ചേടത്തോളം തികച്ചും വാസ്തവമാണ്. ശ്രദ്ധചെലുത്തി രചിച്ച ഇത്തരം ചെറുകഥകൾ നാടകം, കവിത തുടങ്ങിയ കലാരൂപങ്ങൾക്കുകൂടി അസംസ്കൃതപദാർത്ഥമായ്ത്തീരാറുണ്ട്. ഇംഗ്ലീഷുസാഹിത്യത്തിൽ ഇതിന്നെത്ര വേണമെങ്കിലും ഉദാഹരണങ്ങളുണ്ട്. നമുക്കും കഥയുടെ വ്യാപ്തി വർദ്ധിപ്പിയ്ക്കേണ്ടിയിരിക്കുന്നു.

ആദ്യമാദ്യം സ്വതന്ത്രമായി വളർന്നെങ്കിലും മലയാളചെറുകഥ വ്യക്തിതാപൂർണ്ണമായൊരു പ്രസ്ഥാനമായത് പാശ്ചാത്യ കഥാപ്രപഞ്ചവുമായുള്ള സമ്പർക്കം മൂലമാണ്. എ. ബാലകൃഷ്ണപിള്ളയുടെ ശിക്ഷണത്തിൽ മോപ്പസാങ്ങിന്റെ ചുവടുപിടിച്ചു വളർന്ന തകഴിയാണ് ഇവിടെ ഈ പുതുയുഗം ഉൽഘാടനം ചെയ്തത്. ഫ്രോയ്ഡിന്റെ സ്വാധീനം തകഴിയുടെ മാനുഷികബന്ധങ്ങളെ വിശകലനം ചെയ്യുന്ന മിക്ക കഥകളിലും കാണാം. അനാഡംബരവും അകൃത്രിമവുമായ ആ ശൈലി ഇടത്തരം വായനക്കാർക്കു നിർഭാഗ്യവശാൽ വിരസമാവുകയാണുണ്ടായത്. അവർക്കു പൊറ്റെക്കാട്ടിനെയായിരുന്നു ഇഷ്ടം. സംഗതികളെ സ്ഥൂലമായി നോക്കിക്കാണുന്ന ആ കഥികൻ റൊമാന്റിസിസത്തിന്റെ തളർച്ചയോടെ ശോഭിയ്ക്കാതായി.

വാല്യാക്കഥകളുടെ കർത്താവായ കാരൂരിന്റെ കഥകൾക്ക് ഇംഗ്ലീഷ് ചെറുകഥകളുടെ സ്വഭാവവിശേഷതകളാണുള്ളതെന്നു എം. പി. പോൾ, സി. ജെ. തോമസ് തുടങ്ങിയവർ ചൂണ്ടിക്കാണിക്കുന്നു. പക്ഷെ കാരൂരിന്നു ഇംഗ്ലീഷറിഞ്ഞുകൂടാ! തീർച്ചയായും പല പ്രത്യേകതകളുമുള്ള ഒരു മനുഷ്യനാണദ്ദേഹം. ഒന്നുരണ്ടു വാചകങ്ങൾകൊണ്ട് കാരൂർ തന്റെ കഥാപാത്രങ്ങളുടെ ചിത്രം പൂർണ്ണമാക്കിയിരിക്കും. അതു ഊർജ്ജസ്വലവുമായിരിക്കും. കാരൂർ ഒരു നോവലെഴുതുകയാണെങ്കിൽ അതൊരത്ഭുതമായി കണക്കാക്കാമെന്നു തോന്നുന്നു.

കേശവദേവിന്റെ ശൈലി നോവലിന്നേ പറ്റൂ. പൊൻകുന്നം വർക്കിയാവട്ടെ, മുഴങ്ങുന്ന വാചകങ്ങൾ നിരത്തുന്നതിൽ മിടുക്കനാണ്. സി. ജെ. തോമസ് അഭിപ്രായപ്പെട്ടപോലെ ഓരോ ഭാവകാവ്യങ്ങളായിത്തോന്നുന്ന ഇന്നത്തെ ചെറുകഥകൾ ഈ കഥാകൃത്തുക്കളിൽ നിന്നെല്ലാം വളരെ ദൂരെയെത്തിയിട്ടുണ്ട് എന്നതൊരു സത്യമാണ്. വികാരസാന്ദ്രതയാണ് പുത്തൻതലമുറ സൃഷ്ടിക്കാൻ ശ്രമിക്കുന്നത്. ഉദാഹരണമായി ടി. പത്മനാഭന്റെ കഥകൾ നോക്കുക.

നാച്ചുറലിസത്തിന്റെ സ്വാധീനം ഈയിടയ്ക്കു പ്രത്യക്ഷപ്പെട്ട ഒരു പ്രത്യേകതയായിരുന്നു. "ശബ്ദങ്ങൾ" പ്രത്യക്ഷപ്പെട്ടതിനുശേഷമുള്ള കാലഘട്ടത്തെപ്പറ്റിയാണ് ഞാൻ പറയുന്നത്. മൂടിനിർത്തപ്പെട്ട എന്തൊക്കെ വികാരങ്ങളാണ് കെട്ടുടൻ പുറത്തുചാടിയത്! ലൈംഗികജീവിതത്തെ കൂടുതൽ മലീമസമാക്കുകയാണ് പല തുറന്ന ചിത്രീകരണങ്ങളും ചെയ്തത് എന്നു സമ്മതിച്ചാൽക്കൂടി ഒന്നു പറയാൻ തോന്നുന്നു. നൈസർഗ്ഗികവികാരങ്ങൾ പ്രതിഫലിപ്പിയ്ക്കുന്ന ചില നഗ്നകഥകളൊക്കെ ആവശ്യമാണ്. അതിനുള്ള നിർഭയമായ പരിശ്രമം സാമൂഹ്യബോധമുള്ള കഥികർ തുടങ്ങേണ്ടിയിരിക്കുന്നു. എമിലി സോളയെയോ ഡി. എച്ച് ലോറൻസിനെയോ മാതൃകയാക്കണമെന്നില്ല, മാക്സിം ഗോർക്കിയെപ്പോലുള്ള വിശ്വസാഹിത്യകാരന്മാരുണ്ട് മുമ്പിൽ. ഗോർക്കിയുടെ ആത്മകഥയിൽ (My Apprenticeship) ഇത്തരം അനുഭവങ്ങളെ കലവറ കൂടാതെ തുറന്നുകാട്ടുന്നു. "ഒരു രാത്രി" എന്ന ഗോർക്കിയുടെ പ്രസിദ്ധകഥയെടുക്കാം. ഒരു വേശ്യയൊന്നിച്ച് മരംകോച്ചുന്ന തണുപ്പുള്ള ഒരു രാത്രി കഴിച്ചതോർക്കുകയാണ്, കഥികൻ. വിശപ്പുതീർക്കാൻ ഒരു പീടിക തുറന്നു അവർ അപ്പക്കഷ്ണം കട്ടെടുക്കുന്നു. തണുപ്പുതീർക്കാൻ ഉരുമ്മിക്കിടന്നു ആ കാളരാത്രി സുഖമായി കഴിച്ചുകൂട്ടി. ആ രണ്ടു തെണ്ടികളുടേയും മാനസികവികാരങ്ങളെ എത്ര വിദഗ്ദ്ധമായാണ് ഗോർക്കി കൈകാര്യം ചെയ്യുന്നത്! പിന്നീടൊരിക്കലും, നാടായനാട്ടിലെല്ലാം തിരഞ്ഞിട്ടും അവളെമാത്രം കണ്ടില്ല, ഒരു വേശ്യാലയത്തിലും അവളെ കണ്ടുമുട്ടുകയുണ്ടായില്ല എന്ന ഖേദത്തോടെ കഥയവസാനിക്കുകയാണ്.

(ഇതിൽ സോഷ്യലിസ്റ്റ് റിയലിസമുണ്ടോ? എന്തോ?) കളവും വ്യഭിചാരവും! ശാശ്വതമൂല്യങ്ങളില്ല എന്നൊന്നും ബഹളംകൂട്ടാനല്ല നമുക്കു തോന്നുക. അവയ്ക്കെല്ലാം പകരം സാമൂഹ്യഘടനയോടുള്ള അമർഷമാണുണ്ടാവുക. സ്നേഹിക്കാനുള്ള മനുഷ്യന്റെ അടക്കാനാവാത്ത മോഹവും അതമർത്തുന്ന കറുത്ത ശക്തികളും നമ്മുടെ ചിന്തയിൽ തങ്ങുന്നു.

ബഷീർ പല പരിവർത്തനങ്ങൾക്കും വിത്തിട്ടിട്ടുണ്ട്. എനിയും പ്രതീക്ഷകളുണ്ടാവാമെന്നും തോന്നുന്നു. "ബാല്യകാലസഖി"യെപ്പറ്റി പറയുന്ന കാഥികനല്ല വിശ്വവിഖ്യാതമായ "മൂക്കും" "പൊൻകുരിശു"മെല്ലാം കൊത്തിവെച്ചിരിക്കുന്നത്; തീക്ഷ്ണമായ പരിഹാസവുമായാണ് ബഷീർ രാഷ്ട്രീയസാമൂഹ്യവേദികളിലേക്ക് ഇന്നു നോക്കുന്നത്. അമർത്തിയുള്ള ആ ചിരിയുയരുമ്പോൾ "ധീരവീരപരാക്രമി"കളായ ഡോൺ ക്വിക്സോട്ടിനെയും ഗള്ളിവറിനെയും സൃഷ്ടിച്ച ഇംഗ്ലീഷുസാഹിത്യകാരന്മാരെയാണോർത്തുപോവുക. വിമർശനം പരാജയപ്പെടുന്നിടത്ത് പരിഹാസംതന്നെ വിജയിക്കും. ബഷീർ പിന്മാറാതിരിക്കട്ടെ.

19-ാം നൂറ്റാണ്ടിൽ കോളറിഡ്ജ്, വേഡ്സ്വർത്ത് തുടങ്ങിയവർ Lyrical Ballads മുഖേന ഇംഗ്ലീഷുകാവ്യലോകത്തിൽ അഭൂതപൂർവ്വമായ ഒരു പരിവർത്തനം വരുത്തുകയുണ്ടായി. അന്ന് കവിത ലളിതവും ആകർഷകവുമായി. കൂടുതൽ ജനകീയവും. മലയാളത്തിൽ ഉറൂബ് പോഷിപ്പിച്ച "തുടർക്കഥകൾ" അത്തരമൊരു പരിവർത്തനത്തിന്റെ നാന്ദിയാകുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. പക്ഷെ ചെറുകഥയുടെ ഉള്ളൊതുക്ക (Coherence) ത്തിൽനിന്നും കെട്ടുറപ്പിൽ (Integrity) നിന്നും നോവലിന്റെ വ്യഥാസ്ഥൂലമായ വർണ്ണനകളിലേക്കും പരപ്പേറിയ ചിത്രീകരണത്തിലേക്കുമുള്ള ഒരു മടങ്ങിപ്പോക്കാണോ വലിഞ്ഞുനീണ്ടുപോകുന്ന ഈ ചങ്ങലക്കഥകൾ സൂചിപ്പിക്കുന്നത് എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങിനെയെങ്കിൽ ഇതാശാസ്യമാവുകയില്ല. ആശയദാരിദ്ര്യത്തെക്കൂടി വെളിപ്പെടുത്തുന്നതായല്ലോ "മണ്ണുനിഴലുക"ളിൽനിന്നും നീണ്ട ആ തുടർക്കഥ. പഴം പാകം തെറ്റുമ്പോൾ ചില പീടികക്കാർ കുഴപ്പമുണ്ടാക്കിക്കളയുംപോലെ പണ്ടെഴുതിയ കഥയിൽനിന്നും ആശയം ചുരണ്ടിയെടുത്താണ് ഉറൂബ് മുന്നോട്ടുപോകുന്നത്.

ത്രപാപരമായും ഭാവപരമായും ഉത്തമമല്ലാത്ത കഥകളാണ് ഇന്നു നിർമ്മിതമാവുന്നത് എന്നൊരു പരാതി പ്രബലമായിട്ടുള്ള കാലമാണല്ലോ ഇത്. നമ്മുടെ കാഥികർ വേദനാകുചേലന്മാരായതുകൊണ്ടാണോ? ജീവിതത്തിന്റെ സങ്കീർണ്ണതയുടെ പ്രതിഫലനം പുതിയ തലമുറയെ ബാധിച്ചതാണോ? ചുഴിഞ്ഞാലോചിച്ചാൽ ജീർണ്ണിച്ച ജീവിതമൂല്യങ്ങളാണ് സാഹിത്യത്തെ വീർപ്പുമുട്ടിച്ചതെന്നുകാണാം. അടിയുറച്ച ഒരു ജീവിതബോധം ഇന്നില്ല. ഈ കാലഘട്ടത്തിന്റെ അമ്പരപ്പും അനിശ്ചിതത്വവും നിഴൽവിരിച്ചിരിക്കുകയാണ് കലാഹൃദയങ്ങളിലും. സോഷ്യലിസ്റ്റ് റിയലിസത്തിന്റെ പേരിൽ ഈയിടെയും നടന്ന ചില ഒച്ചപ്പാടുകളെ നാമോർത്തുനോക്കുക. ഫോർമലിസത്തിലേക്കു കുറച്ചൊക്കെ വഴുതിപ്പോയെങ്കിലും കാഥികന്മാരിലാകമാനം അടിത്തറയുള്ളൊരു സാമൂഹ്യബോധത്തിന്റെ സ്വാധീനം അന്നുണ്ടായിരുന്നു. കാറ്റ് മാറിവീശാൻ തുടങ്ങി. തലയെടുപ്പുള്ള കാഥികരിൽ പലരും തകിടംമറിച്ചിൽ തുടങ്ങിയപ്പോൾ പുതിയ മേച്ചിൽസ്ഥലങ്ങളന്വേഷിക്കുകയായിരുന്ന പുത്തൻ തലമുറ അന്തംവിട്ടുനിന്നുപോയി. ഒന്നാന്തരമൊരു വിപ്ലവകാരിയായിരുന്ന കേശവദേവ് പെട്ടെന്നു കമ്മ്യൂണിസ്റ്റ് വിദ്വേഷിയായി. പിന്നെയും "ഉലക്ക"യെടുത്ത് വിപ്ലവകാരിയാവാൻ തുനിഞ്ഞു. വീണ്ടുമിതാ അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം തുപ്പുന്നു, പൊൻകുന്നം വർക്കിയും മാർക്സിസ്റ്റാശയങ്ങളെ ത്യജിച്ച് വിപ്ലവകാരിയായാൽ എങ്ങിനെ മനുഷ്യത്വത്തെ കശാപ്പുചെയ്യേണ്ടിവരും എന്നു പ്രവചിക്കുന്ന "ഭീരു" തുടങ്ങിയ കഥകൾക്കുശേഷം വീണ്ടുമിതാ കമ്മ്യൂണിസ്റ്റ് സങ്കേതത്തിൽതന്നെയെത്തിയിരിക്കുന്നു. ഭൂമി ഉരുണ്ടതാണെന്ന് അവർ തെളിയിക്കുകയാവാം! തകഴി

താനെഴുതിവിട്ട മുദ്രാവാക്യകഥകളുടെ വൈചിത്ര്യരാഹിത്യത്തെച്ചൊല്ലി ഈയിടെ ലജ്ജിക്കുകയുണ്ടായി. ഇതിൽനിന്നെല്ലാം മനസ്സിലാക്കേണ്ടതിതാണ്. അപ്പപ്പോൾ തോന്നുന്ന രാഷ്ട്രീയാഭിപ്രായങ്ങളെ വിളിച്ചുപറയിയ്ക്കാനുള്ള ഉപകരണമാക്കാതിരിയ്ക്കുക, സാഹിത്യത്തെ. ചെറുകഥകൾ ലഘുലേഖകളെ ചെത്തിമിനുക്കിയുണ്ടാക്കുന്നതല്ല.

വൈവിദ്ധ്യമുള്ള കഥകളാണ് നാം സ്വീകരിയ്ക്കേണ്ടത്. വിഷയത്തിൽ മാത്രമല്ല, ആവിഷ്കരണരീതിയിലും ഇതുവേണം. ത്രികോണപ്രണയത്തെ ചുററിക്കൂടി നടന്നാൽ പോരാ കഥികർ. കൃഷൻചന്ദറിൻെറ "ജലവൃക്ഷം" അബ്ബാസിൻെറ "കടയ്ക്കുകീഴിൽ" തുടങ്ങിയവ വാചാലതയുള്ള സിംബോളിക്ക് കഥകളാണ്. ഉജ്ജ്വലമായ ഭാവനാശക്തി സാമൂഹ്യസത്യങ്ങളെ ശാസ്ത്രീയമായി വീക്ഷിക്കുമ്പോഴേ ഇത്തരം കഥകളുണ്ടാവൂ. നമുക്കും അത്തരം പ്രതിഭകൾ വേണം. കോവിലൻേറയും നന്തനാരുടെയും അള്ളിപ്പിടിയ്ക്കുന്ന അനുഭവകഥകൾ ചിന്തിപ്പിയ്ക്കത്തക്കതാണ്. ഒ. ഹെൻറിയുടെ സമർത്ഥമായ സാങ്കേതികമാർഗ്ഗമുപയോഗിച്ച് എനിയും കഥകൾ വിരചിതമാവണം. വോഡൌസ്സിൻെറ അനുകരണങ്ങളായി കുറെ കഥകൾ നമുക്കു ലഭിച്ചിട്ടുണ്ട്. "Stream of Consciousness" എന്ന ടെക്നിക്കുപയോഗപ്പെടുത്തി എൻ. പി. മുഹമ്മദ് നല്ലൊരു കഥയെഴുതിക്കാണുകയുണ്ടായി. വികാരാവിഷ്കരണത്തിന് തികച്ചും കഴിവുള്ളൊരു മാർഗ്ഗമാണത്. സർറിയലിസവും എക്സിസ്റ്റെൻഷ്യലിസവും സോഷ്യലിസ്റ്റ് റിയലിസവുമെല്ലാം പരീക്ഷണവിധേയമാക്കണം.

കഥയ്ക്കുവേണ്ടി കഥയെഴുതുക എന്ന സമ്പ്രദായമാണ് ഇന്നത്തെ മറെറാരു ദയനീയയാഥാർത്ഥ്യം. "ഞാനെന്തിനുവേണ്ടി എഴുതുന്നു എന്നചോദ്യം ഞാനെന്തിനുവേണ്ടി ശ്വസിയ്ക്കുന്നു എന്നപോലെയാണ്" എന്ന് റൊമേൻ റോളണ്ട് വ്യക്തമാക്കുന്ന ആ ഉൽക്കടമായ ആത്മാവിഷ്കരണത്വരയല്ല ഇന്നത്തെ എഴുത്തുകാർക്കാവേശം നല്കുന്നത്. ഇവിടെ ആവശ്യമാണ്, പ്രശസ്തിയ്ക്കുള്ള അന്തർദ്ദാഹമാണ് കഥാരചന എളുപ്പമുള്ളൊരു വേലയാണെന്ന ധാരണ സൃഷ്ടിച്ചത്. ലക്ഷണഗ്രന്ഥങ്ങളുടെ വൈരളപ്യവും ഈ വ്യാമോഹത്തിൻെറ വ്യാപ്തിയേററിയിരിയ്ക്കുന്നു. എം. പി. പോളിൻെറ "ചെറുകഥാസാഹിത്യം" ഇന്നത്തെ കഥികർക്ക് മാർഗ്ഗനിർദ്ദേശം നല്കാൻ അപര്യാപ്തമാണ്. ഗ്രന്ഥകാരൻ പരിഹസിക്കുന്ന പല സമ്പ്രദായങ്ങളും ഇന്നത്തെ കൊള്ളാവുന്ന എഴുത്തുകാർ മ്യൂസിയത്തിൽ കയററിവെച്ച് കഴിഞ്ഞിട്ട് കാലം കുറെയായി. ശില്പചാതുരിയിണങ്ങിയ കഥകളെപ്പററി പ്രൌഢചർച്ചകൾ ആവശ്യമാണ്. "മാതൃഭൂമി"യുടെ പുസ്തകനിരൂപണങ്ങൾ ഈയവസരത്തിൽ സ്മരിക്കത്തക്കതാണ്. വെറും "Book review" വിൽനിന്നുയർന്ന് Criticism തന്നെയായുയരുന്നത് ആശാസ്യംതന്നെ. വളരുന്ന എഴുത്തുകാർക്ക് കഥാരചനയിൽ പുതിയ ചക്രവാളങ്ങൾ തുറന്നുകൊടുക്കാൻ ശ്രദ്ധേയമായ മറെറാരു സംഗതികൂടി സൂചിപ്പിയ്ക്കട്ടെ. നമ്മുടെ ഭാഷ പുതിയ ഭാവങ്ങൾക്കും രീതി (Style) കൾക്കും ആവിഷ്കരണയോഗ്യമല്ലാതായിത്തീർന്നിരിയ്ക്കുന്നു. പൊറെറക്കാട്ട് മുമ്പൊരിയ്ക്കൽ വളരെ വ്യക്തമായും ഈ വസ്തുത വെളിപ്പെടുത്തി. ഈയിടെയാണ് തകഴിയും ഇതേ പരാതിയാവർത്തിച്ചത്. ഭാഷാകുതുകികളും ഗവേഷകന്മാരും ഇക്കാര്യത്തിൽ അലസരായില്ലെങ്കിലേ സമഗ്രമായ ഒരു വളർച്ചയെ പ്രതീക്ഷിക്കാൻ സാധിക്കയുള്ളൂ.



KHAN BAHADUR P. M. ATTAKOYA THANGAL.

# ഖാൻബഹദൂർ പി. എം. ആററക്കോയത്തങ്ങൾ

കോഴിക്കോട്ടെ ഒരു പുരാതന മുസ്ലീം കുടുംബമായ പുതിയ മാളികക്കൽ തറവാട്ടിൽ 1895 ൽ ജനാബ് ആററക്കോയത്തങ്ങൾ ജനിച്ചു. ഖാൻബഹദൂർ പി. എം. മുത്തുക്കോയ തങ്ങളാണ് അദ്ദേഹത്തിൻെറ പിതാവ്. കോഴിക്കോട്ടെ എണ്ണപ്പെട്ട മുസ്ലീം കുടുംബങ്ങളിൽ ഒന്നാണ് മാളികക്കൽ തറവാട്. ഈ കുടുംബത്തിലെ അംഗങ്ങൾ പണ്ടേക്ക് പണ്ടെ സാമൂഹ്യവും സാമുദായികവുമായ സേവനത്തിൽ താൽപര്യം പ്രദർശിപ്പിച്ചിരുന്നു. കോഴിക്കോട്ട് പുതിയമാളികക്കു മുമ്പിലുള്ള റോഡ് അദ്ദേഹത്തിൻെറ പിതാവായ മുത്തുക്കോയത്തങ്ങളുടെ പരിശ്രമഫലമായി കോഴിക്കോട്ട് മുനിസിപ്പാലിററി പരിഷ്കരിച്ചതിനെത്തുടന്നാണ് ആ റോഡിന്നു 'തങ്ങൾ റോഡ്' എന്ന പേർ വന്നത്.

മുസ്ലീമിങ്ങൾ പൊതുവേയും സെയിദന്മാർ (തങ്ങന്മാർ) പ്രത്യേകിച്ചും അന്ന് മതപരമായ വിദ്യാഭ്യാസത്തിലല്ലാതെ ലൌകികവിദ്യാഭ്യാസത്തിൽ ഒട്ടുംതന്നെ താൽപര്യം പ്രദർശിപ്പിച്ചിരുന്നില്ല. എന്നാൽ ഖാൻബഹദൂർ മുത്തുക്കോയത്തങ്ങൾ തൻെറ പുത്രനെ മതപരമായ വിദ്യാഭ്യാസത്തിനുശേഷം സ്ഥലത്തുള്ള കുററിച്ചിറ മുനിസിപ്പൽ സ്കൂളിൽ ചേത്തു് പഠിപ്പിച്ചു. വിദ്യാഭ്യാസവിഷയത്തിൽ അദ്ദേഹം വളരെ ശ്രദ്ധപതിപ്പിക്കുകയും ചുരുങ്ങിയ കാലംകൊണ്ട് ലോകവ്യാപാരത്തിൽ വിജയിയായിത്തീരുന്നതിന്നു് വേണ്ട വിജ്ഞാനം സമ്പാദിക്കുകയും ചെയ്തു.

ചെറുപ്പം മുതൽക്കുതന്നെ പൊതുക്കായ്യപ്രസക്തനായിരുന്ന അദ്ദേഹം 1918 ൽ കോഴിക്കോട്ട് മുനിസിപ്പൽ കൌൺസിലിലെ ഒരംഗമായി. 1920 മുതൽ അദ്ദേഹം രാഷ്ട്രീയ രംഗത്തും കാര്യമായി പ്രവത്തനം ചെയ്യുവാൻ തുടങ്ങി. അതിനുപുറമെ അവശമായ സ്വസമുദായത്തിൻെറ നാനാമുഖമായ പുരോഗതിയെ ലക്ഷ്യമാക്കിക്കൊണ്ടുള്ള പല സംരംഭങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകീട്ടുണ്ട്. 1920 ൽ അദ്ദേഹം ഖിലാഫത്ത് കമ്മിററിയുടെ പ്രസിഡണ്ടായി. മുസ്ലീം സമുദായത്തിൻെറ പുരോഗതിക്കായി പ്രവത്തിച്ചിരുന്ന ഒരു സംഘടനയായിരുന്നു അത്. 1921 ലെ മലബാർ ലഹളക്കുശേഷം സ്ഥാപിതമായ മാപ്പിള അമിലിയോറേഷൻ കമ്മിററിയിലെ ഒരംഗമായിരുന്നു്, മലബാറിലെ മാപ്പിളമാരുടെ ദുരിതനിവാരണത്തിന്നു് അദ്ദേഹം വളരെ യത്നിച്ചു.

വിദ്യാഭ്യാസവിഷയത്തിൽ മലബാറിലെ മുസ്ലീമിങ്ങൾ അക്കാലത്തു് വളരെ പിന്നോക്കമായിരുന്നു എന്നു് പറഞ്ഞുവല്ലൊ. ഇതു് പരിഹരിക്കുന്നതിന്നായി സ്ഥാപിതമായ ഹിമായത്തുൽ ഇസ്ലാംസഭയുടെ നേതൃത്വത്തിൽ നടത്തിവന്നിരുന്ന സ്കൂളിൻെറ സ്ഥാപകന്മാരിൽ ഒരാളാണ് അദ്ദേഹത്തിൻെറ പിതാവ്. തൻെറ പിതാവിൻെറ മരണശേഷം തങ്ങൾ അവർകൾ അതു് ഏറെറടുക്കുകയും അതിനെ ഒരു ഹൈസ്കൂളാക്കി ഉയത്തുകയും ചെയ്തു. ഇതു് മലബാർ മുസ്ലിമിങ്ങൾക്കായി സ്ഥാപിതമായ ഒന്നാമത്തെ ഹൈസ്കൂളാണ്. അതുമൂലം സാധുക്കളായ അനവധി കുട്ടികൾക്ക് സൌജന്യവിദ്യാഭ്യാസം ലഭിക്കുന്നതിന്നു് ഇടയായിട്ടുണ്ട്.

1922 മുതൽ അദ്ദേഹം കോഴിക്കോട്ട് താലൂക്ക് ബോർഡിൽ ഒരംഗമായി. അടുത്ത വഷം അദ്ദേഹം അതിൻെറ വൈസ്പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. മലബാർ ഡിസ്ട്രിക്ട് ബോർഡിലും അദ്ദേഹം ഒരംഗമായിരുന്നു. വിദ്യാഭ്യാസവിഷയത്തിൽ അദ്ദേഹത്തിനുള്ള താൽപര്യംകൊണ്ട് അദ്ദേഹം ഡിസ്ട്രിക്ട് എഡ്യുക്കേഷൻ കൌൺസിലിലും, മലബാർ സെക്കണ്ടറി എഡ്യുക്കേഷൻ ബോർഡിലും ഒരംഗമായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. 1924 ൽ മലബാറിലുണ്ടായ വെള്ളപ്പൊക്കംമൂലം ദുരിതമനുഭവിച്ചവരെ സഹായിക്കുന്നതിന്നു് അദ്ദേഹം വളരെ പരിശ്രമിച്ചു. അതുപോലെ മാപ്പിള ലഹളയിൽ മൃതിയടഞ്ഞവരുടെ അനാഥരായ

കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടി സ്ഥാപിതമായ ജെ. ഡി. റ്റി. ഇസ്ലാം അനാഥമന്ദിരത്തെ തന്റെ സർവ്വകഴിവുകളും ഉപയോഗിച്ച് അദ്ദേഹം സഹായിച്ചു. മുസ്ലിമിങ്ങളെ യഥാർത്ഥമത ബോധവും സോദനസന്നദ്ധതയുമുള്ള ഒരു സമുദായമാക്കിത്തീർക്കുവാൻ വേണ്ടി രൂപീകൃതമായതാണ് അഖിലകേരള മുസ്ലിം ഐക്യസംഘം. 1925 ൽ കോഴിക്കോട്ടുവെച്ച് അതിന്റെ ഒരു സമ്മേളനം നടന്നു. ആ യോഗത്തിന്റെ സ്വാഗതസംഘാദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടത് തങ്ങളവർകളാണ്. അദ്ദേഹം വളരെക്കാലം കോഴിക്കോട്ടെ ചിത്തരോഗാസ്പത്രിയിലെ ഒരു ഓണററി വിസിറ്റർ ആയിരുന്നു.

സ്വതസ്സിദ്ധമായ സേവനമനോഭാവവും രാജ്യസ്നേഹവും അദ്ദേഹത്തിന് രാഷ്ട്രീയ കാര്യങ്ങളിൽ താൽപര്യം ഉളവാക്കി. പൊതുനന്മക്കായി അദ്ദേഹം വളരെ യത്നിച്ചിട്ടുണ്ട്. അതിന്റെ ഫലമായി 1931 ൽ അന്നത്തെ ഗവൺമെണ്ട് അദ്ദേഹത്തിന് ഖാൻ ബഹദൂർ എന്ന ബഹുമതിബിരുദം നൽകി. 1934 ൽ അദ്ദേഹം ഹജ്ജിനു പോയി. അതിനും പുറമെ ഇറാക്ക് മുതലായ അറബിരാജ്യങ്ങളും അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. 1935 ലാണ് ഗവൺമെണ്ട് മലബാറിൽ പ്രൊവിൻഷ്യൻ ഹജ്ജ് കമ്മിറ്റി സ്ഥാപിച്ചത്. അതിന്റെ പ്രസിഡണ്ടായി നിയമിതനായതും അദ്ദേഹമാണ്. മലബാറിലെ മുസൽമാൻമാർ ബാങ്കളൂരിൽ 1936 ൽ മലബാർ മുസ്ലിം ജമായത്ത് എന്ന പേരിൽ സ്ഥാപിച്ച സംഘത്തിന്റെ പ്രഥമവാർഷികയോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചതു് അദ്ദേഹമായിരുന്നു. 1936 ലെ ഭരണപരിഷ്കാരത്തെത്തുടർന്നുണ്ടായ ഒന്നാമത്തെ തിരഞ്ഞെടുപ്പിൽ കോഴിക്കോട് കുറുമ്പ്രനാട് നിയോജകമണ്ഡലത്തിൽ നിന്നും മദിരാശി അസംബ്ലിയിലേക്ക് അദ്ദേഹം ബഹുഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ടു. അസംബ്ലിയിൽ അംഗമായിരുന്ന കാലത്ത് മാപ്പിളമാരുടെ അവശതകൾ പരിഹരിക്കുന്നതിനും അവകാശങ്ങൾ അനുവദിച്ചുകിട്ടുന്നതിനും അദ്ദേഹം അത്യദ്ധ്വാനം ചെയ്തു.

1939 ൽ അദ്ദേഹത്തിനു് വാതരോഗം പിടിപെട്ടു. എന്നിട്ടും അദ്ദേഹം പൊതുപ്രവർത്തനങ്ങളിൽ നിന്നും തീരെ വിരമിച്ചില്ല. 1940 ഏപ്രിൽ 29-ാംനു- കോഴിക്കോട്ടുവെച്ച് കൂടിയ മലബാർ ജില്ലാ മുസ്ലിം ലീഗ് കോൺഫ്രൻസിന്റെ സ്വീകരണസംഘാദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടതു് അദ്ദേഹമാണ്. മുസ്ലിമിങ്ങൾക്ക് നവീനവിദ്യാഭ്യാസം നൽകുന്ന വിഷയത്തിലും അദ്ദേഹം അത്യന്തം ഉത്സുകനായിരുന്നു. പൊന്നാനി മൌനത്തുൽ ഇസ്ലാം സഭയുടെ ആഭിമുഖ്യത്തിൽ നടത്തിവന്നിരുന്ന മദ്രസയെ ഒരു ഹൈസ്കൂളാക്കിയതു് അദ്ദേഹത്തിന്റെ നയവും സാമർത്ഥ്യവും മൂലമാണ്. അദ്ദേഹത്തിന്റെ പ്രഥമപുത്രൻ സെയ്ദലവി ജിഫ്രിയെ സാധാരണ തങ്ങന്മാരുടെ സമ്പ്രദായത്തിൽ നിന്ന് വ്യത്യസ്തമായി ഉപരിവിദ്യാഭ്യാസം നൽകി ഒരു ബി. എ. ബിരുദധാരിയാക്കി.

ഫറൂക്ക് കോളേജിന്റെ സ്ഥാപനത്തിൽ ആററക്കോയതങ്ങൾ നിർവ്വഹിച്ച പങ്ക് എത്രയും സ്തുത്യർഹമാണ്. അദ്ദേഹം കോളേജ് ഇടക്കിടെ സന്ദർശിക്കുകയും അതിനുവേണ്ടതായ ധനശേഖരാർത്ഥം കൊച്ചി, കോയമ്പത്തൂർ മുതലായ പല സ്ഥലങ്ങളിലും സഞ്ചരിക്കുകയും ചെയ്തിട്ടുണ്ട്. അതിലും ഉപരിയായിരുന്നു പ്രവർത്തകന്മാർക്ക് അദ്ദേഹം നൽകിവന്ന പ്രോത്സാഹനവും പ്രചോദനവും. കോളേജിന്റെ സ്ഥാപനം മുതൽ അദ്ദേഹത്തിന്റെ മരണംവരെ തങ്ങളവർകളായിരുന്നു പ്രസ്തുത കലാലയത്തിന്റെ മാനേജിംഗ് കമ്മിററിയുടെ ഉപാദ്ധ്യക്ഷൻ.

കുറെക്കാലമായി അദ്ദേഹത്തെ ബാധിച്ചിരുന്ന വാതരോഗം പെട്ടെന്നു് വർദ്ധിക്കുകയും 1954 ജൂലായി 10-ാംനു- കാലത്ത് ഫറൂക്ക് കോളേജിനും മലബാറിലെ മുസ്ലിം സമുദായത്തിനും എന്നന്നേക്കും നികത്താനാവാത്ത ഒരു വലിയ നഷ്ടം വരുത്തിവെച്ച് അദ്ദേഹം ദിവംഗതനാവുകയും ചെയ്തു. അദ്ദേഹത്തിന്റെ ആത്മാവിന്നു് നിത്യശാന്തി നേർന്നുകൊള്ളുന്നു.

# ഖാൻബഹദൂർ വി. കെ. ഉണ്ണിക്കമ്മു സാഹേബ്

മലബാറിലെ മാപ്പിളസമുദായത്തിനും ഫറൂക്ക് കോളേജിനു പ്രത്യേകിച്ചും, പൌരാവലിക്ക് പൊതുവേയും മറക്കാൻ സാധിക്കാത്ത ഒരു ദിവസമാണ് 1954 നവമ്പർ 18-ാംനു. അന്നാണ് ഏതാണ്ട് അരശതാബ്ദത്തോളം കാലം നീണ്ടുനിന്ന അവിശ്രമമായ പരിശ്രമങ്ങളിലൂടെ, മലബാറിൻെറ വൈവസായികവും വിദ്യാഭ്യാസപരവും സാമൂഹ്യവുമായ രംഗങ്ങളിൽ ഫലപ്രദമായി പലതും പ്രവർത്തിക്കാൻ സാധിച്ച ഒരു സമുന്നതവ്യക്തി, ഖാൻബഹദൂർ വി. കെ. ഉണ്ണിക്കമ്മു സാഹെബ് അന്തരിച്ചത്. ഫറൂക്ക് കോളേജിൻെറ സ്ഥാപകാദ്ധ്യക്ഷനും കൂടിയായിരുന്ന ആ പുണ്യപുരുഷൻെറ ഒരു സംക്ഷിപ്തജീവചരിത്രം ഈ വാർഷികപ്രസിദ്ധീകരണത്തിൽ ചേർക്കുന്നത് തികച്ചും യുക്തമായിരിക്കുമല്ലൊ.

1885 ലാണ് ജനാബ് കല്ലടി മൊയ്തീൻകുട്ടി സാഹെബിൻെറ പുത്രനായി ജനാബ് ഉണ്ണിക്കമ്മു സാഹെബ് ജനിച്ചത്. സാമ്പത്തികമായി വലിയ കഴിവൊന്നുമുള്ളതായിരുന്നില്ല അദ്ദേഹത്തിൻെറ പിതൃഗൃഹം. അന്നത്തെ സമ്പ്രദായമനുസരിച്ച് മതവിദ്യാഭ്യാസമല്ലാതെ മററൊന്നും ഉണ്ണിക്കമ്മുസാഹെബിനു സിദ്ധിച്ചിരുന്നില്ല. പിന്നീട് സ്വപ്രയത്നംകൊണ്ടു തന്നെയാണ് സാമ്പത്തികരംഗത്തെന്നപോലെ വിദ്യാഭ്യാസരംഗത്തും അദ്ദേഹം എണ്ണപ്പെട്ട ഒരു വ്യക്തിയായിത്തീർന്നത്.

ജനാബ് ഉണ്ണിക്കമ്മു സാഹെബിൻെറ പ്രവർത്തനങ്ങൾ ബഹുമുഖങ്ങളായിരുന്നുവെന്നു പറയാം. വ്യവസായരംഗം, വിദ്യാഭ്യാസരംഗം, സാമുദായികരംഗം, പൊതുകാര്യം എന്നിങ്ങനെ പല രംഗങ്ങളിലും അദ്ദേഹം പ്രവർത്തിച്ചതായും അതുല്യങ്ങളായ നേട്ടങ്ങൾ ഓരോ രംഗത്തും സമാർജ്ജിച്ചതായും കാണാം. ചുരുങ്ങിയ തോതിലുള്ള ഒരു മരക്കച്ചവടക്കാരനായി ഒലവക്കോട്ട് ജീവിതം ആരംഭിച്ച കഥാപുരുഷൻ, വി. കെ. ഉണ്ണിക്കമ്മു സോമിൽസിൻെറ ഉടമസ്ഥനും മണ്ണാർക്കാട് റബ്ബർ എസ്റ്റേററ് ലിമിററഡിൻെറ മാനേജിംഗ് ഡയരക്ടരും കോഴിക്കോട്ടെ യുണൈറ്റഡ് പബ്ളിഷേഴ്സിൻെറ ഡയരക്ടർമാരിൽ ഒരാളും വലിയ ഒരു ജന്മിയും ആയിത്തീർന്നു. സ്ഥിര പരിശ്രമശീലനായിരുന്ന അദ്ദേഹത്തിൻെറ വ്യവസായ രംഗത്തിലെ നേട്ടങ്ങൾ പ്രത്യേകിച്ചും സ്തുത്യർഹങ്ങളാണ്.

സാമുദായികരംഗത്ത് അദ്ദേഹം ഊർജ്ജിതമായും ആത്മാർത്ഥമായും പ്രവർത്തിച്ചിരുന്നു. മലബാർ ലഹളയുടെ അവസാനത്തിൽ സ്ഥാനത്തും അസ്ഥാനത്തും ശിക്ഷണനടപടികൾക്ക് വിധേയരായിരുന്ന സഹോദരന്മാരുടെ ദുരിതാശ്വാസനത്തിന്ന് സ്ഥാപിക്കപ്പെട്ടിരുന്ന മാപ്പിള അമീലിയോറേഷൻ കമ്മിററിയുമായി ഉണ്ണിക്കമ്മു സാഹെബിന്നു അടുത്ത ബന്ധമാണ് ഉണ്ടായിരുന്നത്. 1924 ൽ ഉണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് രൂപമെടുത്ത ദുരിതനിവാരണപ്രവർത്തനങ്ങളിലും അദ്ദേഹം ഊർജ്ജിതമായി പ്രവർത്തിച്ചിരുന്നു. കേരളമുസ്ലീം മജ്ലീസ്, മലബാർ മുസ്ലീം ലീഗ് എന്നീ രാഷ്ട്രീയസംഘടനകളിൽ അതതുകാലത്ത് അദ്ദേഹം പ്രവർത്തിച്ചുപോന്നു. 1936 ൽ ഖാൻബഹദൂർ ഉണ്ണിക്കമ്മു സാഹെബ് മദിരാശി അസ്സംബ്ളിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ആ കാലമാവുമ്പോഴേക്കും ഒരു പൊതുപ്രവർത്തകൻ,

വിദ്യാഭ്യാസപ്രേമി എന്നീ നിലകളിൽ അദ്ദേഹം പ്രസിദ്ധനായിത്തീർന്നിരുന്നു. അദ്ദേഹത്തിന്റെ ഇത്തരം പ്രവർത്തനങ്ങളെ മാനിച്ച് അന്നത്തെ ബ്രിട്ടീഷ് ഗവൺമെണ്ട് ഉണ്ണിക്കമ്മു സാഹിബിന് ഖാൻബഹദൂർ എന്ന സ്ഥാനം നൽകി. പാലക്കാട്ട് മുൻസിപ്പാലിററിയിലെ ഒരംഗമെന്ന നിലയിലും 1942 മുതൽ 1947 വരെ മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ട് എന്ന നിലയിലും അദ്ദേഹം പ്രശംസാർഹമായ നിലയിൽ പലതും പ്രവർത്തിച്ചിരുന്നു.

വിദ്യാഭ്യാസരംഗത്തുള്ള കഥാപുരുഷന്റെ പ്രവർത്തനങ്ങളുടെ വിജയക്കൊടിയാണ് ഫറൂക്ക് കോളേജ്. മലപ്പുറം മുസ്ലിം ഹൈസ്കൂൾ, മററു അനേകം കോളേജുകൾ എന്നിവയ്ക്കെല്ലാം അദ്ദേഹം ഉദാരമായ സംഭാവനകൾ നൽകിപ്പോന്നു. ഫറൂക്ക് കോളേജിന്റെ സ്ഥാപനത്തിന്നായി 10,000കയുടെ സംഭാവനയുമായി ആദ്യം മുന്നോട്ടുവന്ന അദ്ദേഹം പിന്നീട് അതിന്റെ പ്രസിഡണ്ടും സജീവ പ്രവർത്തകനുമായിത്തീർന്നു. പരേതനായ തന്റെ പിതാവിന്റെ സ്മാരകമായി സ്ഥാപിതമായ കല്ലടി ബ്ലോക്ക് കോളേജിലേക്കുള്ള അദ്ദേഹത്തിന്റെ ഗണ്യമായ ഒരു സംഭാവനയാണ്. ശാരീരികമായ അസ്വാസ്ഥ്യങ്ങളെ അവഗണിച്ചുകൊണ്ട് പരേതൻ, കോളേജ് അഭിവൃദ്ധിപ്പെടുത്താനുള്ള പരിശ്രമങ്ങളിൽ സജീവമായ ഒരു പങ്ക് വഹിച്ചുപോന്നു എന്നുള്ളത് അദ്ദേഹത്തിന്റെ സേവനതൽപരതയ്ക്ക് മികച്ച ഒരുദാഹരണമാണ്.

ഉത്തമനായ ഒരു സമുദായസ്നേഹി, ഉദാരനായ ഒരു വിദ്യാഭ്യാസപ്രേമി, സമർത്ഥനായ ഒരു വ്യവസായപ്രവർത്തകൻ, അസാധാരണ കഴിവുകളോടുകൂടിയ ഒരു പൊതുപ്രവർത്തകൻ എന്നീ നിലകളിലെല്ലാം ഖാൻബഹദൂർ ഉണ്ണിക്കമ്മു സാഹിബിന്റെ സ്ഥാനം അതുല്യമാണ്. അദ്ദേഹത്തിന്റെ ചരമംമൂലം സംഭവിച്ച നികത്താനാവാത്ത നഷ്ടത്തിൽ അഗാധമായി വ്യസനിക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്തുകൊള്ളുന്നു.



KHAN BAHADUR V. K. UNNIKKAMMU SAHIB.

# Muslim Rule in India.

*A. V. Moideenkutty, Senior Intermediate.*

IT is a fact that the history of a country is the opinion of the historians of that country. The history of a nation is a valuable wealth which the country can be proud of. Unfortunately it is not the case with India. Indian people did not take interest in recording events of their history. On the other hand, when the British came to India, they tried to record Indian history. Their intention was to remain in India as long as possible. They thought that it was one of the best ways to record Indian history in their favour. So they drew great men and great events in black letters. They divided Indian people into Muslims and Hindus and created among them hatred and jealousy, so that they would never live happily. They described Aurengazeb, Alengeer, Tippu and other great men as bigots. Even now, Indian students are taught this history. The result is that they hate the great men of India and admire Clive and Warren Hastings who were not friendly towards India and her people.

But fortunately, after the dawn of our independence the condition has changed. People want to know now what are true and what are false. So they understand the necessity of rewriting Indian history. A great historian, Prof. B. N. Sen remarks that it is necessary that Indian history should be rewritten, describing all the true and hearty things in their own way.

In 712 A. C. Mohamed-ibn-Kasim conquered Sind. It was a land-mark in Indian History. He was the inaugurator of a new era in India. The Muslim rule lasted for about one thousand years in India. The results of the rule were beyond description. The services of Muslim rulers to India were innumberable and varied.

The changes that Muslim rule brought in India were numerous. A scholar and a historian Sri M. N. Roy writes that the influence of Islam through the Muslim rule on Hindu religion was great. A new life was shown to Hindus. It is out of this influence that great religious reformers like Kabir, Tulasidas, Nanak and Chaithania were born. Sri Ram Sharma remarks in his "Mughal Government and Administration" that "the rule of Muslim Emperors was satisfactory. The subjects were quite happy. Their justice and laws were world famous."

It is truly remarked that there is a great share for Muslims in the building of Modern India. The name of 'Hindustan' itself is the contribution of Muslims. During the Muslim rule Hindus and Muslims were treated as brothers. They tried their best for the progress of India without considering religion or race.

Unfortunately almost all Muslim rulers were misunderstood. They were described as bigots. One of the causes of the hatred was that they were considered as foreigners. They came to India to attack and take away the property of India. But it is only a misunderstanding. Mohamed Gazni, Mohamed Ghori and Kuthabuddin Ibeck—were foreigners. Likewise some other rulers and among the Mughal kings, Baber and Humayun were foreigners. But when they came to India even they considered India as their motherland and served India. All the other Muslim rulers were pure Indians. They were born and brought up in India. It is necessary to remove such misunderstandings.

